LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാര മേഖലയിലെ ബോട്ടു സർവ്വീസിന്റെ സുരക്ഷിതത്വം

80 [398] ശ്രീ. തോമസ് ചാഴികാടൻ:

ശ്രീ. റോഷി അഗസ്റ്റിൻ:

" കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിൽ സർവ്വീസ് നടത്തുന്ന ബോട്ടുകളിൽ നിലവിൽ എത്ര ഡ്രൈവർമാർ ഉണ്ട്;

(ബി) വേണ്ടത്ര പരിശീലനം ലഭിക്കാത്ത ഡ്രൈവർമാർ പ്രസ്തുത ബോട്ടുകളിൽ സേവനമനുഷ്ഠിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് പ്രസ്തുത ഡ്രൈവർമാർക്ക് വേണ്ടത്ര പരിശീലനം നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) ഈ ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ബോട്ടുകളിൽ സഞ്ചരിക്കുന്ന ടൂറിസ്റ്റുകളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കൃത്യമായ കണക്കുകൾ ടൂറിസം വകുപ്പിൽ ലഭ്യമല്ല. ഹൗസ് ബോട്ടുകളിൽ ഒരു ഡ്രൈവറും ഡ്രൈവിംഗ് അറിയാവുന്ന മറ്റൊരു ജീവനക്കാരനും ഉണ്ടാകാറുണ്ട്.

(ബി) ഉണ്ട്.

(സി ആന്റ് ഡി) സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സ് വഴി ഹൗസ് ബോട്ട് ജീവനക്കാർക്ക് പരിശീലനം നൽകാൻ നടപടി സ്വീകരിച്ചു കഴിഞ്ഞു. ഒരു ബാച്ചിന്റെ പരിശീലനം ഇതിനകം പൂർത്തിയായിക്കഴിഞ്ഞു.

(ഇ) ബോട്ടുകളിൽ ജീവൻരക്ഷാ ഉപാധികൾ കൃത്യമായും സൂക്ഷിക്കണമെന്ന് ടൂറിസം വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് ഇക്കാര്യത്തിൽ മേൽനോട്ടം വഹിക്കുന്നുണ്ട്. കൂടാതെ K.T.D.C.-യുടെ എല്ലാ ബോട്ടുകളുടെയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേന ഇൻഷ്വർ ചെയ്യുകയും ചെയ്തിട്ടുണ്ട്.